## പതിമൂന്നാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 397** **28/06/2012 ൽ മറുപടിക്ക്**

# വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഏകോപനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ദാസൻ :<br>" കെ. കുഞ്ഞിരാമൻ (ഉദുമ):<br>" സി. കെ. സദാശിവൻ:<br>" രാജു എബ്രഹാം : | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) പൊതുവിദ്യാഭ്യാസ രംഗത്ത് വിവിധ സംവിധാനങ്ങളുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഹൈസ്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്ഥാപനങ്ങളെ ഏകോപിപ്പിച്ച് ശക്തിപ്പെടുത്താൻ മുൻസർക്കാരിന്റെ കാലത്ത് കെ.സി.എഫ് മുന്നോട്ടു വച്ചിട്ടുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ തയ്യാറാകുമോ; | എ) ഘടനാപരമായ മാറ്റങ്ങൾ നടപ്പിലാക്കുന്നതിന് വിവിധ തലങ്ങളിലുള്ള ചർച്ചകൾ ആവശ്യമാണ്. ആർ.ടി.ഇ ആക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി നിലവിൽ ഹൈസ്കൂളിന്റെ ഭാഗമായ 8-ാം ക്ലാസ് പ്രൈമറിയിലേക്ക് ചേർക്കേണ്ടതുണ്ട്. ഹയർ സെക്കന്ററി വോക്കേഷണൽ ഹയർ സെക്കന്ററി ഏകോപനം സംബന്ധിച്ച തീരുമാനങ്ങൾ ആയിട്ടില്ല. ഹയർ സെക്കന്ററി കരിക്കുലം പരിഷ്ക്കരണവുമായി ബന്ധപ്പെട്ട ചർച്ചകളിൽ ഈ വിഷയവും ഉൾപ്പെടുത്തുന്നതാണ്. |
| ബി) വിദ്യാഭ്യാസഘടനാമാറ്റം സംബന്ധിച്ച ലിഡാ കമ്മീഷൻ മുന്നോട്ടു വച്ചിട്ടുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; ഇവ ആരെല്ലാമായിട്ടാണ് ചർച്ച ചെയ്തിട്ടുള്ളത്; | ബി) ലിഡാ കമ്മീഷൻ ആർ.ടി.ഇ ആക്ടിൽ നിർദ്ദേശിക്കുന്ന പ്രകാരം ലോവർ പ്രൈമറി, അപ്പർ പ്രൈമറി ക്ലാസ്സുകൾ ക്രമീകരിക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. അതനുസരിച്ച് ലോവർ പ്രൈമറി 5-ാം ക്ലാസുവരെയും അപ്പർ പ്രൈമറി 8-ാം ക്ലാസുവരെയും ആയിരിക്കും. സ്കൂൾ പ്രവേശനത്തിനുള്ള പ്രായം 6 വയസ്സാക്കാനും നിർദ്ദേശമുണ്ട്. ഇക്കാര്യങ്ങൾ ഈ അദ്ധ്യയന വർഷം നടപ്പിലാക്കേണ്ടതില്ലെന്നാണ് തീരുമാനിച്ചിട്ടുള്ളത്. |
| സി) അദ്ധ്യാപക- വിദ്യാർത്ഥി സംഘടനകൾ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ ഭരണാധികാരികൾ എന്നിവരുമായി ചർച്ച ചെയ്തിരുന്നുവോ; വിശദമാക്കാമോ? | സി) ഘടനാപരമായ മാറ്റം സംബന്ധിച്ച് ലിഡാജേക്കബ് കമ്മീഷന്റെ നിർദ്ദേശങ്ങൾ അധ്യാപക സംഘടനകളുമായി ചർച്ച ചെയ്തു. സംസ്ഥാനത്ത് ആവശ്യമായ ക്രമീകരണങ്ങൾ വരുത്തിയശേഷം ഇത് നടപ്പിലാക്കി |

(.......2)

യാൽ മതിയെന്ന അധ്യാപക സംഘടനാ പ്രതിനിധികളുടെ നിർദ്ദേശം പരിഗണിച്ചാണ് ഘടനാപരമായ മാറ്റങ്ങൾ ഈ വർഷം നടപ്പിലാക്കേണ്ടതില്ലെന്ന് തീരുമാനിച്ചത്

സെക്ഷൻ ഓഫീസർ